അടുത്തകാലത്ത് ചേർന്ന സോഷ്യൽ വെൽഫെയർ മന്ത്രിമാരുടെ സമ്മേളനത്തിൽ ഏറ്റവും ശക്തിയായി ഇക്കാര്യം ഞാൻ ആവശ്യപ്പെടുകയും അവരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ : ഇതിനെന്തെങ്കിലും ഒരു പരിഹാരം കാണണ്ടേ? വളരെ ജനുയിൻ ആയിട്ടുള്ള കാര്യമാണ്.

ശ്രീമതി സുശീലാ ഗോപാലൻ : വളരെ ജനുവിൻ ആയിട്ടുള്ള കാര്യമാണ്. ഇക്കാര്യം കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കാശ് വളരെ കുറവായതു കൊണ്ട് സംസ്ഥാന മന്ത്രിസഭകൾ ഇക്കാര്യം പരിഗണിച്ച് അവർക്ക് ഒരു വർദ്ധനവ് കൊടുക്കണമെന്ന് കേന്ദ്രമന്ത്രി ഇങ്ങോട്ട് ഒരഭ്യർത്ഥന നടത്തുകയാണ് ചെയ്തത്. ഈ സർക്കാർ അംഗൻവാടി ജീവനക്കാരോട് അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിക്കുന്നത്. മൂന്നു വർഷംവരെ ശമ്പളമില്ലാത്ത അവധി അനുവദിക്കുന്നതിനും താത്ക്കാലികാടിസ്ഥാനത്തിൽ രണ്ടു വർഷക്കാലം ജോലി ചെയ്യുന്നവരെ അംഗൻവാടികളിൽ സ്ഥിരപ്പെടുത്തുന്നതിനും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതാരെങ്കിലും ചെയ്യുന്നില്ല എങ്കിൽ പരാതി ലഭിച്ചാൽ അക്കാര്യത്തിന് പരിഹാരം ഉണ്ടാക്കും. ഓണറേറിയമായി നേരത്തേ അവർക്ക് ലഭിച്ചുകൊണ്ടിരുന്നതുകയ്ക്കുപുറമേ 100 രൂപയുടെ പ്രതിമാസ വർദ്ധനവ് സംസ്ഥാന വിഹിതമായി ഓണറേറിയത്തിൽ വരുത്തിയിരുന്നു. കൂടാതെ ജനകീയാസൂത്രണ പരിപാടിയിൽ പങ്കെടുത്ത അംഗൻവാടി വർക്കർമാർക്ക് 100 രൂപ വീതം തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകും. ആയമാർക്ക് ഇപ്പോൾ അത് നൽകുന്നില്ല. അതിനെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡിന് നിവേദനം നൽകിയിട്ടുണ്ട്. വാസ്തവത്തിൽ അവരുടെ കാര്യം കൂടി പരിഗണിക്കണം. പഞ്ചായത്തുകൾ പണം കൊടുക്കുമ്പോൾ, അംഗൻവാടി ജീവനക്കാർ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന് പോകുമ്പോൾ ഹെൽപ്പർമാരാണ് കുഞ്ഞുങ്ങളെ നോക്കുന്നത്. അവരുടെ ജോലിഭാരം കൂടുതലാണ്, അതുകൊണ്ട് അവരെ സഹായിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഓണറേറിയത്തിൽ കൂടുതൽ വർദ്ധനവ് വരുത്തുന്നകാര്യം സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പിരിമിതിക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാൻ കഴിയുമോ എന്നുള്ളത് പരിശോധനയിലാണ്. ഇതാണ് ഇന്നത്തെ സ്ഥിതി. സാമ്പത്തിക സ്ഥിതിയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്. അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് പരമാവധി മൂന്ന് വർഷം വരെ ഓണറേറിയം ഇല്ലാത്ത അവധി അനുവദിച്ചുകൊണ്ട് 16.7.1999-ൽ ഉത്തരവായിട്ടുണ്ട്. 10 വർഷം സർവ്വീസുള്ള എസ്.എസ്.എൽ.സി. പാസ്സായ അംഗൻവാടി പ്രവർത്തകർക്ക് സൂപ്പർവൈസറി തസ്തികയിലേക്ക് 25 ശതമാനം സംവരണം നൽകിക്കൊണ്ട് 3.7.1999-ൽ ഉത്തരവായി. സെലക്ഷൻ നിലവിലില്ലാത്ത പ്രോജക്ടുകളിൽ താൽക്കാലികമായി രണ്ടു വർഷം സേവനം പൂർത്തിയാക്കിയ അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിനും 9.9.1997-ൽ ഉത്തരവായി. ഇവരിൽനിന്നും 25 ശതമാനം ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷ നടത്തേണ്ടത് പി.എസ്.സി. യാണ്. പി.എസ്.സി. ചെയർമാനെ കണ്ട് അതിവേഗത്തിൽ ഈ സെലക്ഷൻ നടത്തിക്കുന്നതിനെ പി.എസ്.സി. ചെയർമാനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഒരു കൊല്ലത്തിനുള്ളിൽ അത് നടത്തിത്തരാമെന്ന് പി.എസ്.സി. ചെയർമാൻ ഉറപ്പ് നൽകിയിട്ടുണ്ട്.

(7) ടെൽക്ക് നേരിടുന്ന അടച്ചുപൂട്ടൽ ഭീഷണി

1117/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോയി : സർ, കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ അങ്കമാലിയിലെ ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് (കേരള) ലിമിറ്റഡ് (ടെൽക്) എന്ന സ്ഥാപനം ഇന്ന് ഒരു അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഞാൻ ഈ പ്രശ്നം ഉന്നയിക്കുകയുണ്ടായി. കോർപ്പസ് ഫണ്ടിൽനിന്നും ആവശ്യമായ സഹായം നൽകി ആ കമ്പനിയിലെ പ്രതിസന്ധി പരിഹരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി അന്ന് പറഞ്ഞിരുന്നു. മലയാള മനോരമ പത്രം അതിന്റെ ബിസിനസ് പേജിൽ 'ടെൽക് കടുത്ത പ്രതിസന്ധിയിൽ' എന്നു പറഞ്ഞ് ഒരു വിശദമായ റിപ്പോർട്ട് കൊടുക്കുകയുണ്ടായി. മംഗളം, ദീപിക, മാതൃഭൂമി, കേരള കൗമുദി മുതലായ കേരളത്തിലെ എല്ലാ പത്രങ്ങളിലും ഈ കമ്പനിയുടെ രൂക്ഷമായ പ്രതിസന്ധിയെ സംബന്ധിച്ച് വാർത്തകൾ വന്നിട്ടുണ്ട്. ദേശാഭിമാനി ഞാൻ വായിക്കാൻ ഇടവന്നിട്ടില്ല. ദേശാഭിമാനിയിലും ഉണ്ടോ എന്നറിയില്ല. ഉണ്ടായിക്കാണണം. ഏതായാലും ഇത് വളരെ ഗൗരവതരമായ ഒരു പ്രശ്നമായി വന്നിരിക്കുകയാണ്. ബി.ഐ.എഫ്.ആർ. ന്റെ പരിഗണനയിലുള്ള ഒരു കമ്പനിയാണിത്. ബി.ഐ.എഫ്.ആർ-ൽ നിന്നും മോചനം കിട്ടാൻ പല പദ്ധതികളും ആവിഷ്ക്കരിച്ചു. ഇന്ന് വീണ്ടും ഇത് ബി.ഐ.എഫ്.ആർ.-ലേയ്ക്ക് പോകേണ്ട സ്ഥിതിയിലാണ്. പല കമ്പനികളിലും ഇന്നുള്ള സ്ഥിതി മാർക്കറ്റിംഗ് ഇല്ല, ഓർഡർ ഇല്ല എന്നുള്ളതാണ്. അവിടെ 100 കോടി രൂപയുടെ ഓർഡർ ഇന്ന് വിദേശ രാജ്യങ്ങളിൽനിന്നുണ്ട്. അതുപോലെ രാജസ്ഥാൻ, ആന്ധ്രാ തുടങ്ങി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഈ ട്രാൻസ്ഫോർമറിന് വളരെ പ്രിയമാണ്; അതിനുള്ള ഓർഡറുകൾ കൊടുത്തിട്ടുണ്ട്. ഇത് ചെയ്ത് കൊടുക്കാത്തതുകൊണ്ട് വന്നിരിക്കുന്ന ദോഷം ഇതിനെല്ലാം പെനാൽറ്റി കൊടുക്കണം എന്നതാണ്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിനുവരെ സമയത്ത് ഇത് ചെയ്തു കൊടുക്കാൻ പറ്റാത്തതുകൊണ്ട് നാല് കോടിയിൽപ്പരം രൂപ അവിടെനിന്ന് കിട്ടാനുള്ളത് അവർ പെനാൽറ്റിയായി അഡ്ജസ്റ്റ് ചെയ്യാൻ പോകുകയാണ്. 1999-2000-ാമാണ്ടിൽ അവിടെ 90 കോടി രൂപയുടെ ടാർജറ്റാണ് പ്ലാൻ ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ ശരിക്കുപറഞ്ഞാൽ 31.1.2000 വരെ 39.71 കോടി രൂപയുടെ പ്രൊഡക്ഷനാണ് ഉണ്ടായിട്ടുള്ളത്. ഫെബ്രുവരി-മാർച്ച് മാസത്തിൽ വിഭാവന ചെയ്തിരിക്കുന്നത് 20 കോടി രൂപയുടെ പ്രൊഡക്ഷനാണ്. അപ്പോൾ 90 കോടി രൂപ പ്ലാൻ ചെയ്തിരിക്കുന്ന സ്ഥാനത്ത് 39 കോടി 71 ലക്ഷം രൂപയുടെ ടാർജറ്റിലേ ഈ സമയത്ത് എത്തിച്ചേരുകയുള്ളു. വളരെ പ്രധാനപ്പെട്ട ഒരു കാര്യം അവിടെ ഫണ്ട് ഇല്ല. അനുവദിച്ച ഫണ്ട് യഥോചിതം ചെലവ് ചെയ്തില്ല എന്നുള്ളതാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. അതിന് എഫിഷ്യന്റായ മാനേജ്മെന്റ് ഇല്ല; സി.എം.ഡി. ഇല്ല. പേരിന് സി.എം.ഡി. ഉണ്ട്, ഫെബ്രുവരി ഒന്ന് മുതൽ ഈ സി.എം.ഡി. കമ്പനിയിൽ കാല് കുത്തിയിട്ടില്ല. സി.എം.ഡി. രാജിവച്ചുഎന്ന് പത്രവാർത്ത വന്നതല്ലാതെ, അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ രാജി പിൻവലിച്ചു എന്ന് പറഞ്ഞത് അറിഞ്ഞല്ലാതെ ഇതുവരെ ഈ സി.എം.ഡി. സ്ഥലത്ത് എത്തിയിട്ടില്ല. അവിടെ നാഥനില്ലാത്ത സ്ഥിതിയാണ്. അതുകൊണ്ട് ആവശ്യത്തിന് ഫണ്ട് അനുവദിക്കുകയും അവിടെ ഒരു ഫുൾടൈം സി.എം.ഡി. യെ നിയമിക്കുകയും ചെയ്ത് ആ കമ്പനിയെ ഈ കടുത്ത പ്രതിസന്ധിയിൽ നിന്നും രക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 13.68 കോടി രൂപ മൂലധനമുള്ള ടെൽകിന്റെ സഞ്ചിത

നഷ്ടം 33.14 കോടി രൂപ ആയതിനെത്തുടർന്ന് 1995 ജൂലൈയിൽ കഴിഞ്ഞ ഗവൺമെന്റ് ബി.ഐ.എഫ്.ആറിലേക്ക് ഇത് റഫർ ചെയ്തു. തുടർന്ന് സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നടപടികൾ എടുക്കുകയും അതനുസരിച്ച് ബി.പി.എൽ, ക്രോംപ്ടൺ ഗ്രീവിസ് മുതലായ സ്വകാര്യ കമ്പനികൾ ടെൽക് ഏറ്റെടുക്കുവാൻ സന്നദ്ധമാകുകയും ചെയ്തു. 1996 മേയിൽ പ്രസ്തുത നടപടികൾ പൂർണ്ണമായും പുനഃപരിശോധിക്കുകയും കമ്പനി പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ഉദ്ദേശിച്ച് ഒരു പുനരുദ്ധാരണ പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്ക് 31.12.1997-ൽ ബി.ഐ.എഫ്.ആർ. അംഗീകാരം കൊടുക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം കമ്പനിക്ക് സർക്കാരിൽ നിന്നും 12.62 കോടി രൂപ 1997-98, 1998-99 വർഷങ്ങളിൽ പണമായി കൊടുക്കുകയും വിൽപ്പന നികുതി കുടിശ്ശികയായ 12.20 കോടി രൂപയുടേയും, സർക്കാരിന് നൽകാനുള്ള ഗ്യാരന്റി കമ്മീഷൻ തുകയായ 4.05 കോടി രൂപയുടേയും തിരിച്ചടവ് നിർത്തിവയ്ക്കുകയും ചെയ്തു. എന്നാൽ കമ്പനിയുടെ ഉൽപ്പന്നങ്ങളുടെ വിലയിലുണ്ടായ സാരമായ ഇടിവും മറ്റ് കമ്പനികളുമായുള്ള കിടമൽസരവും ടെൽക്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ ബി.ഐ.എഫ്.ആർ. അംഗീകരിച്ച പദ്ധതിയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കമ്പനിക്ക് കൈവരിക്കാൻ കഴിഞ്ഞില്ല. ഇതിന്റെ ഫലമായി പുനഃരുദ്ധാരണ കാലയളവിൽ 1997-98-ൽത്തന്നെ കമ്പനി നഷ്ടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത് എന്ന് പിന്നീടുള്ള പഠനങ്ങൾ വെളിപ്പെടുത്തി. കമ്പനി അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽനിന്നും 4 കോടി രൂപ ഹ്രസ്വകാല വായ്പയായി നൽകിയിരുന്നു. ഇതൊക്കെയായിട്ടും 1998-99-ലെ പ്രവർത്തനം നഷ്ടത്തിലാണ് അവസാനിച്ചതെന്ന് പിന്നീട് നടത്തിയ അവലോകനം വെളിപ്പെടുത്തി. 1998-99 വർഷത്തെ കണക്കുകൾ അവലോകനം ചെയ്തത് അനുസരിച്ച് കമ്പനിക്ക് പ്രസ്തുത വർഷം 10.9 കോടി രൂപ നഷ്ടം ഉണ്ടെന്ന് കണ്ടെത്തി, ഇതുമൂലമുള്ള പ്രതിസന്ധി ഒഴിവാക്കാൻ കമ്പനിയുടെ അഭ്യർത്ഥനപ്രകാരം ഇൻഡസ്ട്രിയൽ റി-വൈറ്റലൈസേഷൻ ഫണ്ട് ബോർഡിൽനിന്നും 10 കോടി രൂപ ധനസഹായമായി 1999 ഒക്ടോബർ മാസം കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രതിസന്ധി കുറയ്ക്കുന്നതിന് ഒരു അളവുവരെ സാധിച്ചിട്ടുണ്ട്. അതിനിടെ 17.1.2000-ത്തിൽ കമ്പനിയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി ബി.ഐ.എഫ്.ആർ. ബന്ധപ്പെട്ട കക്ഷികളുടെ ഒരു യോഗം വിളിച്ച്കൂട്ടിയിരുന്നു. പ്രസ്തുത യോഗത്തിൽ കമ്പനിയുടെ പുനരുദ്ധാരണത്തിനായി പുതുക്കിയ ഒരു പുനരുദ്ധാരണ പദ്ധതി മൂന്ന് മാസത്തിനുള്ളിൽ കമ്പനി മോണിറ്ററിംഗ് ഏജൻസിക്ക് നൽകണമെന്നുള്ള ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്ന പരിശ്രമങ്ങൾ നടന്നുവരികയാണ്. എന്നാൽ പ്രതിമാസം 8 കോടി രൂപയുടെ ഉൽപ്പാദനം നടക്കാതെ ഈ സ്ഥാപനം വയബിളായി നടത്താൻ പറ്റുകയില്ല. ഇന്ന് 3 കോടി രൂപയുടെ ഉൽപാദനമാണ് നടക്കുന്നത്. അതിനാൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. എന്ത് സാമ്പത്തിക സഹായം ചെയ്യുന്നതും പ്രയോജനപ്പെടണമെങ്കിൽ ഉൽപ്പാദനക്ഷമത കൈവരിച്ചേ കഴിയൂ. തൊഴിലാളി സംഘടനകളും നേതാക്കൻമാരും ഇക്കാര്യത്തെപ്പറ്റി വളരെ കോൺഷ്യസാണ്. അധികം ആൾക്കാരുണ്ട്. പക്ഷേ അധികം ആൾ ഉണ്ടായിട്ടും പ്രൊഡക്ഷൻ ന്യായമായിട്ട് നടക്കുന്നില്ല. 10 കോടി രൂപയാണ് ബി.ഐ.എഫ്.ആർ. കമ്പനിക്ക് ഈയടുത്ത കാലത്ത് കൊടുത്തത്. എത്ര കൊടുത്താലും വയബിൾ ആക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നില്ല. ഒരു മാസത്തിൽ 3 കോടി രൂപയുടെ ഉൽപ്പാദനമാണ് നടക്കുന്നത്. ഈ സ്ഥിതിയിൽ കമ്പനിക്ക് മുന്നോട്ടുപോകാൻ പറ്റുകയില്ല. 8 കോടി രൂപയുടെയെങ്കിലും ഉൽപ്പാദനം നടത്തണം അതിനുള്ള ഉറപ്പുണ്ടെങ്കിൽ ആവശ്യമായ സഹായങ്ങൾ ചെയ്യാം. (ബഹളം) ഒപ്പിട്ടതുകൊണ്ട് മാത്രമായില്ല. അവിടത്തെ സൂപ്പർവൈസറി സ്റ്റാഫ് അടക്കമുള്ളവരുടെ കാര്യം ആലോചിക്കാം. സി.എം.ഡി. വരാതിരുന്ന സാഹചര്യങ്ങളെപ്പറ്റി മെമ്പർക്ക് വളരെ ബോദ്ധ്യമുള്ളതാണ്. സി.എം.ഡി. യെ കുറ്റം പറഞ്ഞതുകൊണ്ട് അവിടത്തെ പ്രവർത്തനം നന്നാകുകയില്ല, സി.എം.ഡി. വരാതിരുന്നതിന് പ്രധാനപ്പെട്ട ചില കാര്യങ്ങളുണ്ട്. അത് പരിഹരിക്കേണ്ടതുണ്ട്. പുതിയ ആളുകൾ വരുന്നതിന് വിരോധമില്ല. പക്ഷേ അവിടുത്തെ ഇന്നത്തെ സമീപനത്തിൽ അടിസ്ഥാനപരമായ മാറ്റം വേണം. സൂപ്പർവൈസറി സ്റ്റാഫ് അവരുടെ കടമകൾ നിർവ്വഹിക്കുന്നില്ല തുടങ്ങിയ കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പണമല്ല പ്രശ്നം, പണം നൽകുന്നതുകൊണ്ട് പ്രശ്നം തീരുകയില്ല.

(8) തൃത്താല മണ്ഡലത്തിലെ ഓടുംപാറക്കുന്ന്, പറക്കുളം, മാഞ്ഞാംപ്ര, ശുദ്ധജല വിതരണപദ്ധതികൾ

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, തൃത്താല നിയോജകമണ്ഡലത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി രണ്ട് പദ്ധതികൾ വിവിധ പഞ്ചായത്തുകളിലായി പ്രവർത്തനം ആരംഭിച്ചിട്ട് പത്ത് വർഷത്തിലേറെയായി. പരതൂർ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം കൊടുക്കാൻ കഴിയുന്ന ഓടുംപാറക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയും തിരുവേഗപ്പുര പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കാൻ കഴിയുന്ന മാഞ്ഞാംപ്ര ശുദ്ധജല വിതരണ പദ്ധതിയും ഇതുവരെയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് പത്ത് വർഷമായി. അതുപോലെ ആനക്കര-പത്തൂർ പഞ്ചായത്തുകളിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം കൊടുക്കാൻ കഴിയുന്ന ഒരു ശുദ്ധജല വിതരണപദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി കഴിഞ്ഞ എട്ട് വർഷമായി ഐ.പി.ഡി. വിഭാഗം ഇൻവെസ്റ്റിഗേഷൻ നടത്തിവരികയാണ്. ഇതുവരെയായി അതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് യാതൊരുവിധ നടപടിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് തൃത്താല മണ്ഡലത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. പി.വി. രാമകൃഷ്ണപിള്ള)</u> : സർ, എ.ആർ.പി. സ്കീമിൽ ഉൾപ്പെടുത്തി 1993-ൽ 135 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതിയാണ് പരതൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി. പ്രസ്തുത ശുദ്ധജലവിതരണ പദ്ധതിയുടെ ഭൂതലസംഭരണി ഓടുംപാറക്കുന്ന് എന്ന സ്ഥലത്താണ് നിർമ്മിച്ചിട്ടുള്ളത്. ഓടുംപാറക്കുന്ന് എന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളത്. ഓടുംപാറക്കുന്ന് എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല. ഉറവിടമായ തൂതപ്പുഴയിൽ ഗ്യാലറി നിർമ്മിച്ച് ഇൻടേക്ക്‌വെല്ലുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇനി ഇന്റേക്ക് വെൽ ഉദ്ദേശം നാല് മീറ്റർ ഉർത്തുകയും, മുകളിൽ കവർ സ്ലാബ് വാർക്കുകയും വേണം. ഈ പണികൾ 2000 ജൂണിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീ

LIBRARY ARCHIVES Kerala Legislative Assembly